## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 5101 02. 07. 2013 ൽ മറുപടിക്ക്

### 'ലാഭ പ്രഭ' പങ്കാളിത്തം

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ആരംഭിച്ച 'ലാഭപ്രഭ' പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ നിന്നും എത്ര പേർ അംഗങ്ങളായിട്ടുണ്ട് ഇതിൽ എത്ര പേർക്ക് സമ്മാനങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ലാഭപ്രഭ പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ നിന്നും 4103 പേർ അംഗങ്ങളായിട്ടുണ്ട്. ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ചു എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. അന്തിമ വിലയിരുത്തലിനുശേഷമേ സമ്മാനർഹരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ മെയ് 1 വരെ രജിസ്റ്റർ ചെയ്തവർക്ക് ഓരോ സി. എഫ്. എൽ വീതം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പേർ അംഗങ്ങളായത് ഏത് ജില്ലയിൽ നിന്നാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ലാഭപ്രഭ പദ്ധതിയിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പേർ അംഗങ്ങളായത് എറണാകുളം ജില്ലയിൽ നിന്നാണ് 16735 പേർ. |
| (സി) | പ്രസ്തുത പദ്ധതിമൂലം വൈദ്യുതി ഉപഭോഗം എത്ര കുറയ്ക്കാൻ കഴിഞ്ഞെന്നും ഇതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക നേട്ടം എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | (സി) | ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ചു എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ലാഭപ്രഭയ്ക്കൊപ്പം നടത്തിയ നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിനിൽ പങ്കെടുത്ത പത്ത് ഫീഡറുകളിൽ നിന്നുമാത്രമായി 8,82,782 യൂണിറ്റ് ലാഭിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ